പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3903 — 27.06.2012-ൽ മറുപടിയ്ക്ക്

## കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിലെ മെഡിക്കൽ, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലുള്ള ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | കടയ്ക്കൽ ഗവൺമെന്റ് ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ 2 ഒഴിവുകളും, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 തസ്തികയിൽ 6 ഒഴിവുകളും, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ 2 ഒഴിവുകളുമാണ് നിലവിലുള്ളത്. ഇതിൽ സ്റ്റാഫ് നഴ്സ് ഒഴിവിൽ സ്ഥിര-നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന 2 സ്റ്റാഫ് നഴ്സുമാരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഒഴിവുകൾ നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ നിയമനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജൂനിയർ കൺസൾട്ടന്റ് ഒഴിവുകളും പി.എസ്.സി മുഖേനയോ/ സ്പെഷ്യാലിറ്റി കേഡർ നിയമനം മുഖേനയോ നികത്തുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ